**അനുബന്ധം-2**

<u>ഡോ. മാത്യു കുഴൽനാടൻ എം.എൽ.എ. അവതരിപ്പിച്ച സബ്മിഷന് ധനകാര്യ വകുപ്പുമന്ത്രി നൽകിയ മറുപടി</u>

## 2. മൂവാറ്റുപുഴ ജില്ലാ സ്റ്റേഡിയം

മൂവാറ്റുപുഴ ജില്ലാ സ്റ്റേഡിയത്തിന് 16-02-2019-ലെ സ.ഉ. (സാധാ) നം. 35/2019/കാ.യു.വ പ്രകാരം കിറ്റ്കോയെ പദ്ധതി നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിക്കൊണ്ട് 40 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. അതിന്മേൽ കിഫ്ബിയിൽ സമർപ്പിച്ച പദ്ധതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 24-06-2019-ലെ SYA001-01/APR-3/2019/KIIFB കിഫ്ബി ഉത്തരവുപ്രകാരം 32.55 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകി. ഇൻഡോർ സ്റ്റേഡിയം, സ്ത്രീകൾക്കും പുരുഷന്മാർക്കും വേണ്ടിയുള്ള ഹോസ്റ്റൽ, ഗ്യാലറികൾ, കടമുറികൾ, നീന്തൽക്കുളം, 8 വരി 400 മീറ്റർ ട്രാക്ക്, നാച്ച്വറൽ ടർഫോടുകൂടിയ ഫുട്ബോൾ ഗ്രൗണ്ട് എന്നിവയാണ് പദ്ധതിയിലെ മുഖ്യഘടകങ്ങൾ.

പദ്ധതി നിർവ്വഹണ ഏജൻസിയായ കിറ്റ്കോ ടി പദ്ധതിക്ക് സാങ്കേതികാനുമതി നൽകുകയും 17-09-2019-ൽ പദ്ധതി ടെണ്ടർ നടപടികൾ

പൂർത്തീകരിച്ച് L1 ബിഡ്ഡറായി M/s Lee Builders-നെയും L2 ബിഡ്ഡറായി M/s ULCCS-നെയും തെരഞ്ഞെടുത്തു. സർക്കാർ അനുവദിച്ച PRICE preference പ്രകാരം M/s ULCCS L1 ബിഡ്ഡർ ആവുകയും എന്നാൽ ടെണ്ടർ അക്സപ്റ്റൻസ് മാനദണ്ഡപ്രകാരം M/s ULCCS സമർപ്പിച്ച ബിഡ്ഡ് അസ്വീകാര്യമാവുകയും ചെയ്തതിനാൽ ടെണ്ടർ ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു. എന്നാൽ ഫേം പിരിയഡ് കഴിഞ്ഞതിനാൽ രണ്ട് കരാറുകാരും ബിഡ്ഡിൽനിന്ന് പിന്മാറുകയാണുണ്ടായത്.

മേൽ ടെണ്ടർ അസാധുവായ സാഹചര്യത്തിൽ പദ്ധതി നിർവ്വഹണ ഏജൻസിയായ കിറ്റ്കോ റീടെണ്ടർ (പുനർ ദർഘാസ്) നടപടികൾ സ്വീകരിച്ചു. അതിൽ L1 ബിഡ്ഡറായി M/s Crescent Contractors-നെയും L2 ബിഡ്ഡറായി M/s ULCCS-നെയും തെരഞ്ഞെടുത്തു. തുടർന്ന് ടി ശിപാർശകൾ ടെണ്ടർ അക്സപ്റ്റൻസ് സമിതിയിൽ അംഗീകാരത്തിനായി സമർപ്പിച്ചപ്പോൾ M/s ULCCS PRICE preference പ്രകാരം L1 ബിഡ്ഡർ ആയി. എന്നാൽ ടെണ്ടർ അക്സപ്റ്റൻസ് മാനദണ്ഡപ്രകാരം M/s ULCCS സമർപ്പിച്ച ബിഡ്ഡ് ലോക്കൽ മാർക്കറ്റ് നിരക്കിനേക്കാൾ 7.42% മുകളിലും നിലവിലെ DSR+10% ടോളറൻസ് ലിമിറ്റിന് 2.41% മുകളിലായതിനാലും കോൺട്രാക്ടർ

നെഗോഷ്യേഷന് തയ്യാറല്ലാത്തതിനാലും ടെണ്ടർ രണ്ടാമതും നിരസിക്കപ്പെട്ടു.

തുടർന്ന് എസ്റ്റിമേറ്റിൽ എർത്ത് ഫില്ലിംഗ് ഉയർന്ന തോതിൽ ഉൾപ്പെടുത്തിയിരുന്നതിനാലും ബിഡ് ചെയ്ത തുക അസാധാരണമായ തോതിൽ കൂടിയതായതിനാലും ആയത് പുന:പരിശോധിക്കണമെന്നും പ്രവൃത്തി സ്ഥലം സന്ദർശിച്ച് പദ്ധതി രൂപരേഖ അനുയോജ്യമായി പുന:ക്രമീകരിക്കണമെന്നും സാങ്കേതികാനുമതി പരിഷ്കരിച്ച് ലഭ്യമാക്കണമെന്നും ടെണ്ടർ അക്സപ്റ്റൻസ് സമിതി പദ്ധതി നിർവ്വഹണ ഏജൻസിക്ക് 14-02-2022-ൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

തുടർനടപടികളൊന്നുംതന്നെ പദ്ധതി നിർവ്വഹണ ഏജൻസിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല.